## 997

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും സ്വന്തവീട്ടിൽ ചേർന്നിടുവാൻ
മമ കാന്തനെ ഒന്നു കാണുവാൻ മനം കാത്തു പാർത്തിടുന്നു

1 ഇന്നു മന്നിതിൽ സീയോൻ യാത്രയിൽ എന്നും ഖിന്നതമാത്രം
എന്നു വന്നു നീയെന്നെ ചേർക്കുമോ അന്നേ തീരൂ വേദനകൾ

2 മരുഭൂമിയിൽ തളരാതെ ഞാൻ മരുവുന്നു നിൻ കൃപയാൽ
ഒരു നാളും നീ പിരിയാതെന്നെ കരുതുന്നു കൺമണിപോൽ-

3 നല്ല നാഥനേ! നിനക്കായി ഞാൻ വേല ചെയ്യുമന്ത്യം വരെ
അല്ലൽ തീർന്നു നിൻ സവിധേ വരാതില്ല പാരിൽ വിശ്രമവും-

4 കർത്തൃകാഹളം വാനിൽ കേൾക്കുവാൻ കാലമായില്ലേ പ്രിയനേ?
ആശയേറുന്നേ നിന്നെ കാണുവാൻ ആമേൻ യേശുവേ വരണേ!- C.J.